Regd post

"ഭരണഭാഷ - മാതൃഭാഷ"

വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org

ഫോൺ : 0471-2546414

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

നമ്പർ AA & VWI(1)/81661/18/GW

തിരുവനന്തപുരം

തീയതി : 23.10.2019

പ്രേഷകൻ

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ,
തിരുവനന്തപുരം - 33

സർ,

വിഷയം :- നിയമന പരിശോധന – ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന :- (1) 14.12.2010 തീയതിയിലെ 41/2010/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
(2) 08.07.2019 തീയതിയിലെ GO(MS) 133/2019/GAD നമ്പർ സർക്കാർ ഉത്തരവ്.
(3) താങ്കളുടെ 17.07.2019 തീയതിയിലെ ബി3/32408/2018/കോ.വി.വ. നമ്പർ കത്ത്.
(4) താങ്കളുടെ 26.08.2019 തീയതിയിലെ ബി2/29343/2016/കോ.വി.വ. നമ്പർ കത്ത്.

***************

സൂചന (1) ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി.എസ്.സി. നിയമനങ്ങളിലും പി.എസ്.സി. യുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, താങ്കളുടെ വകുപ്പിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ താഴെപ്പറയുന്ന 4 ഉദ്യോഗസ്ഥരുടെ സർവ്വീസ് വെരിഫിക്കേഷൻ **2019 നവംബർ 8 തീയതിയിൽ 09.30 am ന്** നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ സമയക്രമം താഴെപ്പറയുന്നു.

| Sl. No. | Name | Designation | Date of Birth | Date | Time | Remarks |
|---|---|---|---|---|---|---|
| 1 | RAKEND T | Supporting artist in Mridangam for Bharathanatiyam | 03/09/1989 | 08/11/2019 | 09.30 am | |

| | | | | | | |
|---|---|---|---|---|---|---|
| 2 | AJAI K ARAVIND | Supporting artist in Mridangam for Bharathanatiyam | 21/05/1983 | 08/11/2019 | 09.30 am | |
| 3 | RAJESH BABU P | Supporting artist in Vocal for Kathakali | 15/05/1976 | 08/11/2019 Previous Date (02/08/2019) | 09.30 am | |
| 4 | SUDHEESH KUMAR K S | Supporting artist in Vocal for Kathakali | 07/05/80 | 08/11/2019 Previous Date (02/08/2019) | 09.30 am | |

ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി.എസ്.സി. യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്. വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാകത്തിലെ മേൽവിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതും കൂടി നിർബന്ധമായും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. നിയമന ശിപാർശാകത്തിലെ മേൽവിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്തമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ/വില്ലേജ് ഓഫീസർ നൽകിയത്) ഹാജരാക്കണമെന്നുകൂടി നിർദ്ദേശം നൽകേണ്ടതാണ്.

**സൂചന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം വെരിഫിക്കേഷന് ഹാജരാകുന്ന ഉദ്യോഗസ്ഥർ "*0051-PSC-800-State PSC-99-Other receipts*" എന്ന ശീർഷകത്തിൽ ₹210/- സർട്ടിഫിക്കറ്റ് ഫീസിനത്തിൽ ട്രഷറിയിൽ അടച്ച് അസ്സൽ ചെലാൻ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതല്ല.**

| | | | |
|---|---|---|---|
| 1. | ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്. | 2. | ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |
| 3. | ഡ്രൈവിംഗ് ലൈസൻസ് | 4. | പാസ്പോർട്ട് |
| 5. | അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 6. | സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് |
| 7. | കേരള സംസ്ഥാനത്തിലെ സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് | 8. | വിമുക്ത ഭടന്മാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടന്മാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് |
| 9. | മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ് | 10. | കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർ കാർഡ് |
| 11. | വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് | 12. | ഷെഡ്യൂൾഡ് ബാങ്കുകൾ/ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക് |

നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമന ശിപാർശ ക്രമത്തിലാക്കണം. ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോരിറ്റി തർക്കം/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഹാഷിൽ എം
ഡെപ്യൂട്ടി സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി

"ഭരണഭാഷ മാതൃഭാഷ"

മേലെഴുത്ത് നം. B2/39188/2019/DCE തീയതി 28.10.2019

പി.എസ്.സി സെക്രട്ടറിയുടെ കത്ത് ബന്ധപ്പെട്ട സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേക്കായി അയക്കുന്നു. കത്തിൽ പരാമർശിക്കുന്ന അദ്ധ്യാപകരെ ടി-യാന്മാരുടെ പേരിനു നേരെ കത്തിൽ നൽകിയിരിക്കുന്ന തീയതിയിലും സമയക്രമമനുസരിച്ചും സർവ്വീസ് വെരിഫിക്കേഷനായി തിരുവനന്തപുരത്ത് പി.എസ്.സി പട്ടത്തുള്ള ആസ്ഥാന കാര്യാലയത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം കൃത്യമായി ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

Approval Valid

Digitally Approved By
മനോമോഹൻ കെ
Date: 28.10.2019
Reason: Approved

ഒപ്പ് /-
മനോമോഹൻ കെ
അക്കൗണ്ട്സ് ഓഫീസർ